"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - സ്ഥലംമാറ്റത്തെ തുടർന്ന് വിടുതൽ ചെയ്ത തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല ഫിനാൻസ് ഓഫീസർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1696/2025/LSGD തീയതി,തിരുവനന്തപുരം, 08-07-2025

---

പരാമർശം:-

1. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 31.07.2023 ലെ LSGD/PD/48096/2023-DEA1 നം നടപടി ക്രമം
2. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 29.03.2025 ലെ ഡിപിടി/ഡി2-6333/2024 നം. കത്ത്.
3. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.05.2025 ലെ LSGD/PD/14654/2025-DEA1 നം. കത്ത്.
4. സ.ഉ.(സാധാ) നം.1337/2025/LSGD തിയതി 30.05.2025

**ഉത്തരവ്**

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി ശ്രീ മുഹമ്മദ് ഷാഫി ജെ. 29.03.2025 അപരാഹ്നത്തിൽ ടി തസ്തികയിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതിനാൽ പഞ്ചായത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധിക ചുതമല പരാമർശം 1 നടപടി ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഫിനാൻസ് ഓഫീസർ ആയ ശ്രീമതി അനുരാധ പി., ക്ക് നൽകണമെന്ന് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം 2 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2] തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 3 റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം 4 പ്രകാരം ജോയിന്റ് ഡയറക്ടർ ശ്രീ ടോബി തോമസ് നെ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയായി നിയമിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാൾ ചാർജ് എടുക്കുന്നത് വരെയുള്ള കാലയളവിലേക്ക് തൃശ്ശൂർ ജില്ലാ പഞ്ചായത്തിലെ ഫിനാൻസ് ഓഫീസർ ആയ ശ്രീമതി അനുരാധ പി., ക്ക് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, തദ്ദേശ സ്വയം ഭരണ വകുപ്പ്, തൃശ്ശൂർ
ശ്രീമതി അനുരാധ പി., ഫിനാൻസ് ഓഫീസർ,ജില്ലാ പഞ്ചായത്ത്, തദ്ദേശ സ്വയം ഭരണ വകുപ്പ്, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/ തൃശ്ശൂർ

വിവര, പൊതുജന സമ്പർക്ക(വെബ്&ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Riju M Das
Date: 09-07-2025 13:57:11

സെക്ഷൻ ഓഫീസർ